# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 54 — 27.2.2017 ൽ മറുപടിക്ക്

## ഭരണപരിഷ്കാര കമ്മീഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൽദോസ് കുന്നപ്പിള്ളി | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റ പണികൾക്കും ഈ സർക്കാരിന്റെ കാലത്ത് എന്തു തുക ചെലവായിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ താമസത്തിന് വരുന്നതിന് മുന്നോടിയായി ഔദ്യോഗിക വസതിയായ കവടിയാർ ഹൗസിന്റെ അറ്റകുറ്റപണികളുടെ ഭാഗമായി (സിവിൽ പ്രവൃത്തികൾ 17,01,147 /- രൂപയും ഇലക്ട്രിക്കൽ പ്രവൃത്തികൾ 41,600 /- രൂപയും) ആകെ 17,42,747/- രൂപയ്ക്ക് (പതിനേഴുലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി നാൽപ്പത്തി ഏഴ് രൂപ മാത്രം) പണി ചെയ്യിച്ചിട്ടുണ്ട്. മോടി പിടിപ്പിക്കുന്നതിന്റെ ഭാഗമായി യാതൊന്നും ചെയ്തിട്ടില്ല. |
| (ബി) | സാധന സാമഗ്രികൾ ഔദ്യോഗിക വസതിയിലേയ്ക്ക് വാങ്ങിയതിന് ചെലവായ തുക വ്യക്തമാക്കുമോ; | (ബി) | സാധന സാമഗ്രികൾ ഔദ്യോഗിക വസതിയിലേയ്ക്ക് വാങ്ങിയതിന് 4,77,073/- രൂപ (നാലു ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുപത്തി മൂന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്. |
| (സി) | ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ എത്ര തുക വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (സി) | ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ അതിഥി സൽക്കാരത്തിന് നാളിതുവരെ കമ്മീഷനിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ കമ്മീഷനിലെ പാർട്ട് ടൈം അംഗമായ ശ്രീമതി നീലാ ഗംഗാധരന് കമ്മീഷൻ യോഗത്തിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് യാത്രാ ബത്ത ഇനത്തിൽ 6,605/- രൂപ (ആറായിരത്തി അറുന്നൂറ്റി അഞ്ച് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | ഇക്കാലയളവിൽ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ മൊബൈൽ ഫോൺ, ഔദ്യോഗിക വസതികളിലെയും ഓഫീസുകളിലെയും ഫോൺ ബില്ലുകൾ എന്നിവ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; | (ഡി) | ഇക്കാലയളവിൽ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ മൊബൈൽ ഫോൺ, ഔദ്യോഗിക വസതികളിലെയും ഓഫീസുകളിലെയും ഫോൺ ബില്ലുകൾ എന്നീ ഇനങ്ങളിൽ കമ്മീഷനിൽ നിന്നും നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (ഇ) | ഈ സർക്കാരിന്റെ കാലത്ത് ചെയർമാൻ, അംഗങ്ങൾ എന്നിവരിൽ ആരൊക്കെ വിദേശയാത്ര നടത്തിയിട്ടുണ്ട്; അവരെ അനുഗമിച്ചത് ആരൊക്കെയാണ്; എവിടെയൊക്കെയാണ് അവർ പോയതെന്നും അതിന് എന്തു തുക ചിലവായെന്നും വെളിപ്പെടുത്തുമോ? | (ഇ) | ഈ സർക്കാരിന്റെ കാലത്ത് ചെയർമാനോ അംഗങ്ങളോ കമ്മീഷനുമായി ബന്ധപ്പെട്ട് ഔദ്യോഗികമായി വിദേശയാത്രകൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ